

ബേസ്ബാൾ ചാമ്പ്യൻഷിപ്പിൽ വിജയികളായ റെഡ്മെറിഡിയൻസ് ചക്കുവള്ളിയും ബ്ലാക്ക് ആൻഡ് വൈറ്റ് കുണ്ടറയും

# ജില്ല ബേസ്ബാൾ ചാമ്പ്യൻഷിപ് സമാപിച്ചു

## ● പുരുഷ വിഭാഗത്തിൽ റെഡ് മെറിഡിയൻസും വനിത വിഭാഗത്തിൽ ബ്ലാക്ക് ആൻഡ് വൈറ്റ് കുണ്ടറയും ജേതാക്കൾ

**കൊല്ലം:** പോരുവഴി പഞ്ചായത്ത് ഗ്രൗണ്ടിൽ നടന്ന ജില്ല സീനിയർ ബേസ്ബാൾ ചാമ്പ്യൻഷിപ്പിൽ പുരുഷ വിഭാഗത്തിൽ റെഡ് മെറിഡിയൻസും വനിത വിഭാഗത്തിൽ ബ്ലാക്ക് ആൻഡ് വൈറ്റ് കുണ്ടറയും ജേതാക്കളായി. എഫ്.എം.എൻ.സി കൊല്ലം, റെഡ് മെറിഡിയൻസ് എന്നിവയ്ക്കാണ് യഥാക്രമം രണ്ടാം സ്ഥാനം.

സബ് ജൂനിയർ ബേസ്ബാൾ ചാമ്പ്യൻഷിപ്പിൽ ആൺകുട്ടികളുടെ വിഭാഗത്തിൽ നവോദയം നിരാവിലും പെൺകുട്ടികളുടെ വിഭാഗത്തിൽ ഡൈനമിക് കുളക്കടയും ജേതാക്കളായി. രണ്ടാംസ്ഥാനം ബോയ്സ് കരുനാഗപ്പള്ളിയും ബ്ലാക്ക് ആൻഡ് വൈറ്റ് കുണ്ടറയും സ്വന്തമാക്കി. വിജയികൾക്ക് ജില്ല പ്രസിഡന്റ് വി.എം. പ്രേംനവാസ് ട്രോഫികൾ നൽകി. ജില്ല സെക്രട്ടറി ബി. നൗഫിൻ, സാബു ജാൻ, ഷിബു ബേബി എന്നിവർ സംസാരിച്ചു.

2023 മാർച്ച് 10 വെള്ളി

# ബേസ്ബോൾ ചാമ്പ്യൻഷിപ്പ്

**കൊല്ലം**

ജില്ലാ സബ് ജൂനിയർ ബേസ്ബോൾ ചാമ്പ്യൻഷിപ്പ് ശനിയും സീനിയർ ചാമ്പ്യൻഷിപ്പ് ഞായറും ചക്കുവള്ളി പോരുവഴി പഞ്ചായത്ത് ഗ്രൗണ്ടിൽ നടക്കും. www.baseballkerala.com എന്ന വെബ്സൈറ്റിലൂടെ രജിസ്ട്രേഷൻ പൂർത്തിയാക്കണം. ഫോൺ: 9544667505.

# ബേസ്ബോൾ ചാമ്പ്യൻഷിപ്പ്

**കൊല്ലം ▸** ജില്ലാ സബ് ജൂനിയർ ബേസ്ബോൾ ചാമ്പ്യൻഷിപ്പ് ശനി, ഞായർ ദിവസങ്ങളിൽ ചക്കുവള്ളിയിൽ പോരുവഴി പഞ്ചായത്ത് ഗ്രൗണ്ടിൽ നടക്കും. www.baseballkerala.com എന്ന വെബ്സൈറ്റിലൂടെ എല്ലാ രജിസ്ട്രേഷനും പൂർത്തിയാക്കണം. വിവരങ്ങൾക്ക് ഫോൺ: 9544667505.